**സന്ദേശം**

| | | |
|---|---|---|
| TO | : | **1. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും.** |
| | | 2. എല്ലാ വിദ്യാഭ്യാസ ഉപ ഡയരക്ടർമാർക്കും (എസ്.പി.സി പദ്ധതിയുടെ എല്ലാ ജില്ലാ നോഡൽ ഓഫീസർമാർ മുഖാന്തിരം) |
| | | 2. എസ്.പി.സി പദ്ധതിയുടെ എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും |
| INFO | : | |
| FROM | : | **എഡിജിപി (എച്ച്.ക്യൂ) & ചെയർമാൻ,**<br>പ്രോജക്റ്റ് മാനേജ്മെന്റ് നോഡൽ കമ്മറ്റി,<br>എസ്.പി.സി പദ്ധതി |

**No. A1-2069/2019/SPC Dt 03-02-2020**

2019-20 അധ്യയന വർഷത്തെ എസ്.പി.സി പദ്ധതിയുടെ ജില്ലാ തല ക്വിസ് മത്സരം 2020 ഫെബ്രുവരി 8 ന്ന നടത്താൻ തീരുമാനിച്ചിരിക്കുന്നു.

**ജില്ലാ തല മത്സരം-എലിമിനേഷൻ റൗണ്ട് (എഴുത്തു പരീക്ഷ-08.02.2020 തീയതി രാവിലെ 10.30 മണി മുതൽ)**

ഈ വർഷത്തെ എസ്.പി.സി ജില്ലാ തല ക്വിസ് മത്സരത്തിൽ കേരളത്തിലെ എല്ലാ എസ്.പി.സി സ്കൂളുകളും സ്റ്റേറ്റ് സിലബസ് സ്കൂളുകളും പങ്കെടുക്കുന്നതിനാൽ ജില്ലാ തലത്തിൽ കൂടുതൽ സ്കൂളുകളുടെ പങ്കാളിത്തം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ ജില്ലാ തല ക്വിസ് മത്സരത്തിൻറെ സൗകര്യാർത്ഥം കൂടുതൽ ടീമുകൾ ഉള്ള ജില്ലകൾ എലിമിനേഷൻ റൗണ്ടിലൂടെ 6 ടീമുകളെ തെരഞ്ഞെടുക്കേണ്ടതാണ്. എലിമിനേഷൻ റൗണ്ട് പൂർണ്ണമായും എഴുത്തു പരീക്ഷ ആയിരിക്കും. മൂന്നു പേർ അടങ്ങുന്ന ഓരോ സ്കൂൾ ടീമിനും ഒരു ചോദ്യപേപ്പർ വീതം നൽകുന്നതും അവർക്ക് പരസ്പരം ചർച്ച ചെയ്ത് ഉത്തരം എഴുതാവുന്നതുമാണ്. എഴുത്തു പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന 6 ടീമുകൾ ജില്ലാ തല ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്നതിനു അർഹരായിരിക്കും. ഓരോ ജില്ലയിലെയും എസ്.പി.സി പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർമാരും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും എലിമിനേഷൻ റൗണ്ടിന്റെ മൂല്യ നിർണ്ണയത്തിനു മേൽനോട്ടം വഹിക്കേണ്ടതും മൂല്യ നിർണ്ണയം സുതാര്യമായ രീതിയിൽ നടത്തേണ്ടതും പരീക്ഷാഫലം വിജയിച്ച സ്കൂൾ ടീമുകളെയും അധികൃതരേയും അറിയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങളോ പരാതികളോ ഉണ്ടായാൽ ജില്ലാ നോഡൽ ഓഫീസർമാരും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും തർക്ക പരിഹാരം ഉണ്ടാക്കേണ്ടതാണ്. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദേശം നൽകുവാൻ താൽപ്പര്യപ്പെടുന്നു.

**ജില്ലാ തല മത്സരം-ഫൈനൽ റൗണ്ട് (08.02.2020 തീയതി ഉച്ചക്ക് 2 മണി മുതൽ)**

ജില്ലാ തല എലിമിനേഷൻ റൗണ്ടിലെ വിജയികളായ 6 ടീമുകളെ പങ്കെടുപ്പിച്ച് വളരെ വിപുലമായ രീതിയിൽ ഒരു ക്വിസ് മാസ്റ്ററുടെ സഹായത്തോടെ ഓപ്പൺ ക്വിസ് മത്സരം നടത്തി മികച്ച ജില്ലാ ടീമിനെ നിർണ്ണയിക്കേണ്ടതാണ്. ജില്ലാ തല മത്സരത്തിൽ ഇപ്രകാരം വിജയിക്കുന്ന ടീമിനെ ജില്ലാ ടീം ആയി തെരഞ്ഞെടുത്ത് സംസ്ഥാന തല മത്സരത്തിലേക്ക് അയക്കേണ്ടതാണ്. ജില്ലാ തല ക്വിസ് മത്സരത്തിൽ 1,2,3 സ്ഥാനം നേടുന്ന ടീമുകൾക്ക് ഉപഹാരം നൽകേണ്ടതാണ്. കൂടാതെ ജില്ലാ തല ഫൈനൽ മത്സരത്തിന് എസ്.പി.സി അനുബന്ധ വകുപ്പ് മേധാവിമാർ, സ്പോർട്സ്, സിനിമ മേഖലകളിലെ പ്രമുഖർ, മറ്റു കലാകാരന്മാർ എന്നിവരുടെ സാന്നിധ്യം ഉറപ്പു വരുത്തേണ്ടതാണ്. ജില്ലാ തല ഫൈനൽ മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീം സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കുന്നതിനു യോഗ്യരായിരിക്കും.

ജില്ലാ തല മത്സരങ്ങൾക്കുള്ള ചോദ്യപേപ്പറുകളും ഉത്തരങ്ങളും ഈ ഓഫീസിൽ നിന്നും ജില്ലാ നോഡൽ ഓഫീസിലേക്ക് ഇ

മെയിൽ മുഖാന്തിരം അയച്ചു തരുന്നതാണ്.

<u>സംസ്ഥാന തല ക്വിസ് മത്സരം</u>

2019-20 അധ്യയന വർഷത്തെ എസ്.പി.സി പദ്ധതിയുടെ സംസ്ഥാന തല ക്വിസ് മത്സരം 2020 ഫെബ്രുവരി 29 ന് മലപ്പുറം ജില്ലയിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. ആയതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ഈ ഓഫീസിൽ നിന്നും ഉടൻ തന്നെ നൽകുന്നതായിരിക്കും.

**അജിത് കുമാർ ആർ**

**അസിസ്റ്റന്റ് സ്റ്റേറ്റ് നോഡൽ ഓഫീസർ**

For Chairman, Project Management Nodal Committee

Internal Administrative Processing System
iAPS
KERALA POLICE